# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-216 01.12.2014-ൽ മറുപടി നൽകേണ്ടത്

## ക്രിമിനൽ കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ബി.സത്യൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകൾ പിൻവലിക്കാൻ, സർക്കാർ കോടതികളോടഭ്യർത്ഥിക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ് പ്രകാരം. |
| (ബി) കേസുകൾ പിൻവലിച്ചു കിട്ടുന്നതിനുള്ള ഹർജികളിൽ തീരുമാനം കൈകൊള്ളുന്നതിനു സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ; | (ബി) | 27.01.2005-ലെ 20882/എൽ1/02/ആഭ്യന്തരം നമ്പർ സർക്കുലറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലുമാണ് സർക്കാരിൽ ലഭിക്കുന്ന ഹർജികളിന്മേൽ തീരുമാനം കൈകൊള്ളുന്നത്. |
| (സി) ഒന്നിലധികം ആളുകൾ പ്രതിയാകുന്ന ക്രിമിനൽ കേസ്സുകളിൽ ഒരാൾ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടാൽ എല്ലാവരുടെയും പേരിലുള്ള കേസുകൾ പിൻവലിക്കാറുണ്ടോ; എങ്കിൽ ഇപ്രകാരം ചെയ്യുന്നത് സർക്കാർ നിലപാടാണോ; പ്രസ്തുത നടപടി മുഖേന നിരപരാധികളെ വെറുതെ വിട്ടുകൊണ്ട് കുറ്റവാളികളെ ശിക്ഷിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയും കുറ്റവാളികളെ നിയമവിരുദ്ധമായി രക്ഷപ്പെടുത്തുകയും ചെയ്യുകയാണെന്നറിയാമോ; | (സി) | വകുപ്പ് 321 പ്രകാരം ഒരു പ്രതിക്കെതിരായ കേസ്സോ എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, ഒരാളെ വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ, എല്ലാമോ സംബന്ധിച്ചും പിൻവലിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച തന്റെ വിവേചനാധികാരമുപയോഗിച്ച് ഒരു തീരുമാനം കൈകൊള്ളേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും. പ്രോസിക്യൂഷൻ പിൻവലിക്കുന്ന |

*(തുടർച്ച പുറം-2)*

സന്ദർഭങ്ങളിൽ സർക്കാരോ പ്രോസിക്യൂട്ടറോ, കോടതിയോ, ഒരു പ്രതിയോ, എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ, നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കുന്നില്ല. അപ്രകാരം ഒരു പരിശോധനയ്ക്ക് നിയമം അനുശാസിക്കുന്നുമില്ല.

| | |
|---|---|
| (ഡി) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ക്രിമിനൽ, വിജിലൻസ് കേസുകളുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (ഡി) ഈ സർക്കാർ കേസ് പിൻവലിക്കാൻ സമ്മതപത്രം നൽകിയ ക്രിമിനൽ കേസുകളുടെ എണ്ണം 4718-ഉം, വിജിലൻസ് കേസുകളുടെ എണ്ണം 11-ഉം ആണ്. |

സെക്ഷൻ ഓഫീസർ